compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 സെപ്റ്റംബർ 08
**Tuesday, 08th September 2026**

1202 ചിങ്ങം 23
**23rd Chingam 1202**

1948 ഭാദ്രം 17
**17th Bhadra 1948**

വാല്യം 15
**Vol. XV**

നമ്പർ
**No.** **36**

## Part III

## Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എറണാകുളം മത്സ്യവകുപ്പ് സഹകരണ സംഘം രജിസ്ട്രാറുടെ
[ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യമേഖല)] നടപടിക്രമം
(ഹാജർ: സുഗന്ധകുമാരി, കെ. വി.)

നമ്പർ JDFEKM/285/2024-C1. 2026 ആഗസ്റ്റ് 12.

വിഷയം:—ഫിഷറീസ്—സഹകരണം—പ്രവർത്തനരഹിതമായ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ സമാപ്തീകരണം—ലിക്വിഡേറ്ററുടെ കാലാവധി നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:—(1) ഫിഷറീസ് ഡയറക്ടറുടെ 30-6-2026-ലെ DFTVM/143/2026-F2 നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 7-12-2023-ലെ C1/2290/2021 നമ്പർ ഉത്തരവ്.

**ഉത്തരവ്**

വിവിധ കാരണങ്ങളാൽ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കാത്തതും കാലഹരണപ്പെട്ടുപോയതുമായ ലിക്വിഡേഷൻ കേസുകൾ സർക്കാരിലേക്ക് കാലാവധി ദീർഘിപ്പിക്കുന്നതിലേക്കായി അയക്കുവാൻ സാധിക്കാത്തതിനാൽ പല സംഘങ്ങളിലും നിലവിൽ അന്തിമ സമാപ്തീകരണ നടപടികൾ നടത്തുന്നതിന് തടസ്സം നേരിടുന്ന അവസ്ഥ സംജാതമായിരിക്കുകയാണ് എന്നും, അതിനാൽ 7-6-2024-ന് മുൻപ് നിയമിച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞിട്ടുള്ളതുമായ (നിലവിൽ കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ടത് ഒഴികെ) ഉത്തരവുകൾ റദ്ദ് ചെയ്ത്കൊണ്ട് സമാപ്തീകരണ നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ലിക്വിഡേറ്റർമാരെ നിയമിച്ചുകൊണ്ട് ബന്ധപ്പെട്ട ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർമാർ പുതിയ ഉത്തരവുകൾ അടിയന്തിരമായി പുറപ്പെടുവിക്കേണ്ടതാണെന്നും, സമാപ്തീകരണ നടപടികൾ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്നും സൂചന (1) പ്രകാരം ഫിഷറീസ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്.

ഏങ്ങണ്ടിയൂർ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘം DF(R) 110/92-ന്റെ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിന് ചാവക്കാട് ഫിഷറി ഡെവലപ്മെന്റ് ഓഫീസർ-നെ സൂചന (2) പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നതാണ്. ഈ നിയമനം 7-6-2024-ന് മുമ്പ് നടത്തിയിട്ടുള്ളതിനാൽ മേൽ ഉത്തരവ് റദ്ദ് ചെയ്ത്കൊണ്ട്, സൂചന ഒന്നിന്റെ അടിസ്ഥാനത്തിൽ സമാപ്തീകരണ നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ചാവക്കാട് ഫിഷറി ഡെവലപ്മെന്റ് ഓഫീസർ-നെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ഫിഷറീസ് ജോയിന്റ് ഡയറക്ടർ
(മദ്ധ്യമേഖല) എറണാകുളം &
മത്സ്യവകുപ്പ് സഹകരണ സംഘം
രജിസ്ട്രാർ.

മത്സ്യവകുപ്പ് സഹകരണ സംഘം
രജിസ്ട്രാറുടെ കാര്യാലയം,
എറണാകുളം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.08 04:25:07 +05:30